# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3541** — 21.12.2012-ൽ മറുപടിക്ക്

## 'ആശ' വർക്കർമാരുടെ ഓണറേറിയം സംബന്ധിച്ച്

**ചോദ്യം**

ശ്രീമതി. ഗീതാ ഗോപി :

(എ) 'ആശ' വർക്കർമാരുടെ പ്രതിമാസ ഓണറേറിയം അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) 'ആശ' വർക്കർമാരുടെ ഓണറേറിയം അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1. ആശമാർ 3 മോഡ്യൂൾ ട്രെയിനിംഗ് പൂർത്തിയാക്കിയിരിക്കണം.

2. ആശമാർ തൃപ്തികരമായ രീതിയിൽ ജോലി ചെയ്യുന്നുണ്ട് എന്ന റിപ്പോർട്ട് അതാത് മെഡിക്കൽ ഓഫീസർ മുഖേന സമർപ്പിച്ചിരിക്കണം.
(a)തൃപ്തികരമായ ജോലിയുടെ ഭാഗമായി ആശമാർ എല്ലാ മാസവും നടത്തുന്ന റിവ്യൂ മീറ്റിംഗുകളിൽ പങ്കെടുക്കുകയും പ്രതിമാസ പ്രവർത്തന റിപ്പോർട്ട് അതാത് ജെ.പി.എച്ച്.എൻ.ന് സമർപ്പിച്ചിരിക്കണം.
(b) ആശമാരുടെ പ്രവർത്തന മേഖലയിൽ വരുന്ന പ്രതിരോധ കുത്തിവയ്പിനു വിധേയരാകേണ്ട കുട്ടികളെ കുത്തിവയ്പിനായി കൊണ്ടുവന്നിട്ടുണ്ട് എന്നും വരാതിരുന്ന കുട്ടികൾ ആശമാരുടെ കാരണത്താൽ അല്ല മറിച്ച് അവരുടെ നിസ്സഹകരണം കൊണ്ടാണ് എന്ന് ജെ.പി.എച്ച്.എൻ. സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട്.
(c) ഏതെങ്കിലും വിധേന ഗവൺമെന്റ് തലത്തിൽ നിന്നും ഓണറേറിയം കൈപ്പറ്റുന്ന ആശമാർ ഈ ഓണറേറിയത്തിന് അർഹരായിരിക്കുകയില്ല.
(തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയും, സാക്ഷരതാ പ്രേരകർ, സി.ഡി.എസ്. ചെയർപേഴ്സൺസ്, പാലിയേറ്റീവ് കെയർ കമ്മ്യൂണിറ്റി നേഴ്സ് , ട്രൈബൽ പ്രൊമോട്ടേഴ്സ് , അംഗൻവാടി വർക്കേഴ്സ്).

| | |
|---|---|
| ബി) കുത്തിവെയ്പിന് 5 കുട്ടികൾ ഇല്ലാത്ത തിന്റെ പേരിൽ ഓണറേറിയം തടഞ്ഞു വെയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം നിബന്ധനയിൽ ഭേദഗതിയും വരുത്തിയിട്ടുണ്ട്. തൃപ്തികരമായ ജോലിചെയ്യുന്ന ആശമാർക്ക് ചില അവസരങ്ങളിൽ കേരളത്തിലെ മാറിയ സാഹചര്യത്തിൽ ഇമ്മ്യൂണൈസേഷനായി 5 കുട്ടികളെ കൊണ്ടു വരുവാൻ പറ്റാതെ വരുമ്പോൾ ഇമ്മ്യൂണൈസേഷൻ സംഘാടനത്തിനും, നടത്തിപ്പിനുമായി തൃപ്തികരമായ രീതീയിൽ പങ്കാളികളായിട്ടുണ്ട് എന്ന് ജെ.പി.എച്ച്.എൻ. ന്റെ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ലഭിക്കുന്ന പക്ഷം ഓണറേറിയം കൊടുക്കാവുന്നതാണ്.<br>നിബന്ധനകൾ ഇളവ് ചെയ്യുന്നതിന്റെ ഭാഗമായി ഓണറേറിയം വാങ്ങാൻ അർഹതയില്ലാത്ത വിഭാഗങ്ങളായി ഉൾപ്പെടുത്തിയിരുന്ന എൻ.ആർ.ഇ.ജി. വർക്കേഴ്സ്, ആർ.എസ്.ബി.വൈ. ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സ് എന്നിവരെ കൂടി ഓണറേറിയത്തിന് അർഹരാക്കി മാറ്റിയിട്ടുണ്ട്. |
| (സി) ഓണറേറിയം അനുവദിക്കുന്നതിന് എല്ലാ നിബന്ധനകളും പാലിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ ; | (സി) ഓണറേറിയം അനുവദിക്കുന്നതിന് എല്ലാ നിബന്ധനകളും പാലിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. |
| (ഡി) ഭൂരിപക്ഷം നിബന്ധനകളും പാലിക്കുന്ന ആശാ വർക്കർമാർക്ക് ഓണറേറിയം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നിലവിലുള്ള നിബന്ധനകൾ പാലിക്കുന്ന എല്ലാ ആശാ വർക്കർമാർക്കും ഓണറേറിയം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ